വന്ന പ്രാകപ്പിഴകൂടി മൂലം ആയിരക്കണക്കിന് ഏക്കറിലെ വിള നശിച്ചിരിക്കുകയാണ്. കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് അടിയന്തിരമായി ആശ്വാസം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ നടപടികൾ ജപ്തി നിറുത്തിവയ്ക്കണം. വരൾച്ചബാധിച്ചുവെന്ന് പറഞ്ഞിട്ട് അവസാനനിമിഷം എന്തെങ്കിലും സഹായം കൊടുത്താൽപോര. ഇപ്പോൾ വസ്തുതകൾ മനസ്സിലാക്കി സ്ഥലത്തുപോയി അന്വേഷണം നടത്തി യാഥാർത്ഥ്യബോധത്തോടുകൂടി അവിടത്തെ കാര്യങ്ങൾ മനസ്സിലാക്കി കൃഷിക്കാർക്ക് ആശ്വാസ നടപടികൾ എത്തിക്കണം. ജില്ല മുഴുവൻ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കണം. ഏതാനും ചില പ്രദേശങ്ങളെ മാത്രം വരൾച്ച ബാധിതപ്രദേശമായി പ്രഖ്യാപിച്ചാൽ പോര. അട്ടപ്പാടിയിലും കൊഴിഞ്ഞാമ്പാറയിലും അഞ്ചാറുമാസമായി വെള്ളമില്ല. ജില്ല ഒട്ടാകെ നാശത്തിന്റെ വക്കിലാണ്. കണ്ണമ്പ, ആലത്തൂർ, പഴമ്പാലക്കോട്, വടക്കാഞ്ചേരി മുതലായ ആശുപത്രികളിൽ ഒരു തുള്ളി വെള്ളം പോലും ഇല്ല. രോഗികൾ വീട്ടിൽനിന്നും വെള്ളം കൊണ്ടുവരികയാണ്. ലക്ഷംവീടുകളിലും ഹരിജൻകോളനികളിലും ഒന്നുംതന്നെ വെള്ളമില്ല. അതുകൊണ്ട് ഈ പ്രദേശങ്ങളിൽ വെള്ളം അടിയന്തിരമായി എത്തിക്കണം. കുഴൽക്കിണറുകൾ എന്ന് പേരു വരുത്തിയാൽ പോര. ആശുപത്രികളിലും വെള്ളമെത്തിക്കാനുള്ള നടപടികൾ ഉടനെയുണ്ടാകണം. വെള്ളംകൊടുക്കണം, കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ കൊടുക്കണം, പാലക്കാട് ജില്ലയെ വരൾച്ചബാധിതപ്രദേശമായി പ്രഖ്യാപിക്കണം, കടക്കാർക്ക് ആശ്വാസം കൊടുക്കണം; ജപ്തിനടപടികൾ നിർത്തിവയ്ക്കണം, എല്ലാകടങ്ങളും ദീർഘകാലവായ്പകളായി പ്രഖ്യാപിക്കണം, കാര്യങ്ങളുടെ ഗൗരവം മനസ്സിലാക്കാൻ മന്ത്രി അടിയന്തിരമായി ജില്ല സന്ദർശിക്കണം. മേൽപ്പറഞ്ഞ കാര്യങ്ങൾ അടിയന്തിരമായി ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വനം്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഒരു പ്രദേശം വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിക്കണമെങ്കിൽ ചില മാനദണ്ഡങ്ങളൊക്കെയുണ്ട്. പ്രധാനമായിട്ടും മഴയുടെ തോത് കണക്കാക്കിയാണ് അത് സ്വീകരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായം ആവശ്യപ്പെടുന്നതാണ്. ഇപ്പോൾ മഴ കുറവായിട്ടുള്ള 32 ഗ്രാമങ്ങൾ വരൾച്ച ബാധിതപ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രദേശങ്ങളിൽ സാധാരണയിൽ നിന്നും 30 ശതമാനം മഴ കുറവാണെങ്കിലും വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതാണ്. മെറീരിയോളജിക്കൽ ഡിപ്പാർട്ടുമെന്റിന്റെ വ്യക്തമായ കണക്ക് എല്ലാ താലൂക്കുകളെ സംബന്ധിച്ചും ഉണ്ട്. അത് മറികടന്ന് നമ്മൾ എന്തെങ്കിലും ചെയ്യുന്നത് ഉചിതമായിരിക്കുകയില്ല. ഏതായാലും ഗവൺമെന്റ് എല്ലാ പ്രദേശങ്ങളും നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ആ നിലയ്ക്ക് കുറവുള്ള പ്രദേശങ്ങളെ വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതാണ്. അങ്ങനെ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ ആശ്വാസ നടപടികൾ ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതനുസരിച്ച് കൂടുതൽ പ്രദേശങ്ങൾ ആ നിലയ്ക്ക് പരിശോധിക്കാവുന്നതാണ്.

(6) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ ജലക്ഷാമം

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: സർ, വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിൽ ശുദ്ധജല വിതരണ പദ്ധതിയൊന്നുമില്ലാത്ത പ്രദേശമാണ്. അവിടെ ജലക്ഷാമം കൊടുമ്പിരിക്കൊണ്ടിരിക്കുകയാണ്. അവിടെ, നെതർലൻറ് ഗവൺമെന്റിന്റെ സഹായ

LIBRARY ARCHIVES Kerala Legislative Assembly

ത്തോടെ ചാലിശ്ശേരിപാവറട്ടി പദ്ധതി നടപ്പിലാക്കിയാൽ, എന്റെ നിയോജക മണ്ഡലത്തിലെ 2 പഞ്ചായത്തുകളിലും കടങ്ങോട് ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കിയാൽ 4 പഞ്ചായത്തുകളിലും ശുദ്ധജലം എത്തിക്കാൻ കഴിയും. നെതർലൻറ് ഗവൺമെൻറിന്റെ പദ്ധതി അംഗീകാരം ആകാൻ പോകുന്നുവെന്നാണ് അറിയുന്നത്. കടങ്ങോട് സമഗ്ര ശുദ്ധജലവിതരണ പദ്ധതി (ഇത് മെഡിക്കൽ കോളേജിന് വേണ്ടികൂടി ഉൾപ്പെടുത്തിയ പദ്ധതിയാണ്.) ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ കിടക്കുകയാണ്. സമഗ്രമായ, ധൃതഗതിയിലുള്ള കേന്ദ്ര ഗവൺമെൻറിന്റെ ശുദ്ധജല വിതരണ പദ്ധതിയിലുൾപ്പെടുത്തി ആ പ്രദേശങ്ങളിലെ കൊടുമ്പിരിക്കൊള്ളുന്ന ജലക്ഷാമത്തിന് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ചാലിശ്ശേരി—പാവറട്ടി ശുദ്ധജല വിതരണ പദ്ധതിയെ സംബന്ധിച്ചുള്ള എല്ലാ വിശദ വിവരങ്ങളും നെതർലൻറ് ഗവൺമെൻറിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അവർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഭാരതപ്പുഴയിൽ അതിന് ആവശ്യമായ വെള്ളം ഉണ്ടാകുമോ എന്നുള്ള കാര്യത്തെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കുകയാണ്. അതുകഴിഞ്ഞാൽ ഉടനെ സാങ്ഷൻ കിട്ടുമെന്നാണ് കരുതുന്നത്. കടങ്ങോട് പദ്ധതി 7—ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിൽപ്പോലും അതിന്റെ ആവശ്യകതയെ മുൻനിർത്തി ആദ്യം സൂചിപ്പിച്ചപോലെ വിദേശസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെൻറിന്റെ അംഗീകാരത്തിനായി സമർപ്പിക്കാമെന്നാണ് കരുതുന്നത്. അതിനെ സംബന്ധിച്ച് ആദ്യത്തെ പദ്ധതിയെപ്പോലെ വേഗത്തിൽ നീങ്ങുമോ എന്ന കാര്യത്തെക്കുറിച്ച് ഉറപ്പു പറയാൻ പ്രയാസമാണ്. എങ്കിലും ആ കാര്യം പരിശോധിക്കുന്നതാണ്.

(7) വലിയ പെരുമ്പുഴ പാലത്തിന്റെ പണി:

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തട്ടാരമ്പലം—മാന്നാർ റോഡിലെ അച്ചൻകോവിലാറിന് കുറുകെയുള്ള വളരെ പ്രധാനപ്പെട്ട ഒരു പാലമാണ് വലിയപെരുമ്പുഴ പാലം * ആ പാലത്തിന് മൂന്നു പ്രാവശ്യം ടെണ്ടർ വിളിച്ചും, അവസാനം അത് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിച്ചുവെന്നാണ് കഴിഞ്ഞ പ്രാവശ്യം ഉപമുഖ്യമന്ത്രി ഇവിടെ മറുപടിയിൽ പറഞ്ഞത്. കൺസ്ട്രക്ഷൻ കോർപ്പറേഷൻ അതിനുവേണ്ടി യാതൊന്നും ചെയ്തിട്ടില്ല. അവർ അതിട്ടിട്ടു പോയിരിക്കുകയാണ്. ആ പാലം ആ പ്രദേശത്തുള്ള ആളുകളുടെ ഒരു വലിയ ആഗ്രഹമാണ്. അതിനുവേണ്ടി മുൻകൂറായി വസ്തുവും വിട്ടുകൊടുത്തു. ഇപ്പോൾ അവർക്ക് കാശുമില്ല വസ്തുവുമില്ലായെന്നുള്ള സ്ഥിതിയാണുള്ളത്. ഡിപ്പാർട്ടുമെൻറലായി കാട്ടേഷൻ വിളിച്ച് ആവർക്ക് തുടങ്ങാനുള്ള —നടപടികൾ സ്വീകരിക്കണമെന്ന്, ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, വലിയപെരുമ്പുഴ പാലത്തിന് 1979—ൽത്തന്നെ ടെണ്ടർ വിളിച്ചിരുന്നു. ഏകദേശം 43 ലക്ഷം രൂപയുടെ എസ്റ്റിമേറ് അനുവദിച്ചു, 79 ശതമാനം അധികമായി അനുമതി നൽകി ടെണ്ടർ വിളിച്ചു. എന്നിട്ടും ടെണ്ടർകാരൻ പണിയേറ്റെടുക്കാൻ തയ്യാറായില്ല. അതിന്റെ അടിസ്ഥാനത്തിൽ ഒരു റീവൈസ്ഡ് എസ്റ്റിമേറുണ്ടാക്കി. അത് 64 ലക്ഷം രൂപയിൽപ്പരം വരുന്നതായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly